# St. Francis Xavier's LPS Aluva

# Academic Master Plan


# 2025-26








Mid Day Meal Scheme





ZUMBA Kids

# Thank You



## ആമുഖം

ചരിത്രപ്രസിദ്ധമായ ശിവരാത്രി മണപ്പുറം സ്ഥിതി ചെയ്യുന്ന ആലുവ നഗരത്തിന്റെ ഹൃദയഭാഗത്ത് പെരിയാറിന്റെ തീരത്തായി സെന്റ്. ഫ്രാൻസ് സേവ്യേഴ്സ് എൽ.പി സ്കൂൾ തലയുയർത്തി നിലകൊള്ളുന്നു. ഈ വിദ്യാലയത്തിന്റെ നാമഹേതുക മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവിയർ ദേവാലയം വിദ്യാലയത്തോട് ചേർന്ന് നിന്നുകൊണ്ട് അനുഗ്രഹവർഷം ചൊരിയുന്നു. മഹദ്ഗുരു ശ്രീനാരായണഗുരുവിന്റെ പാദസ് സ്പർശനം ഏറ്റ അദ്വൈതാശ്രമവും ചരിത്രസ്മരണകൾ ഉറങ്ങുന്ന ആലുവ പാലസും നഗരത്തിന്റെ ഭരണസിരാകേന്ദ്രമായ മുനിസിപ്പൽ ഓഫീസ് ടൗൺഹാളും ആലുവ ഹെഡ് പോസ്റ്റ് ഓഫീസ്, ആലുവ മിനി സിവിൽ സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ, മെട്രോ സ്റ്റേഷൻ, ബസ്റ്റാൻഡ്, മാർക്കറ്റ് ഈ വിദ്യാലയ പരിസരങ്ങളിലായി പ്രവർത്തിച്ചുവരുന്നു. സ്ത്രീ ശാക്തീകരണം മുന്നിൽ കണ്ടുകൊണ്ട് മദർ ഏലീശ്വമായാൽ സ്ഥാപിതമായ രണ്ട് സന്യാസിനിമടങ്ങൾ ഈ വിദ്യാലയ പരിസരത്തുണ്ട്.

1932-)0 ആണ്ടിൽ സ്ഥാപിച്ച ഈ വിദ്യാലയത്തിലെ വിദ്യാർത്ഥിനികളുടെ തുടർപഠനത്തിനായി ഹൈസ്കൂൾ, ഹയർ സെക്കൻഡറി, സെൻറ് സേവ്യേഴ്സ് കോളേജ് എന്നിവയും വിദ്യാലയ പരിസരത്തായി നിലകൊള്ളുന്നു.

93 വർഷങ്ങൾ പിന്നിട്ട ഈ വിദ്യാലയത്തിൽ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ ആൺകുട്ടികളും പെൺകുട്ടികളും അടക്കം 469 കുട്ടികൾ പഠിക്കുന്നു. പ്രധാന അധ്യാപിക ഉൾപ്പെടെ 13 അധ്യാപികമാർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഹിന്ദി, ഇംഗ്ലീഷ്, കമ്പ്യൂട്ടർ, നൃത്ത സംഗീതം എന്നിവയ്ക്കായി പ്രത്യേക പരിശീലനം ലഭ്യമാക്കുന്നുണ്ട്. ഇതിനായി പ്രത്യേകം ക്ലാസ് മുറികളും സജ്ജമാക്കിയിരിക്കുന്നു. മൂന്ന് നിലകളിലായി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിലെ ഓരോ നിലകളിലും ശുചി മുറികളും ജലലഭ്യതയും ഒരുക്കിയിട്ടുണ്ട്. ക്ലാസ്

മുറികളും വരാന്തകളും സ്കൂൾ മുറ്റവും ടൈൽ പാകി ഭംഗിയാക്കിയിട്ടുണ്ട്. ഉച്ചഭക്ഷണ പരിപാടി വൻ വിജയത്തോടെ നടത്തിവരുന്നു. ഇതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പാചകത്തിനായി ഒരു ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നേതൃത്വത്തിൽ ആഴ്ചയിൽ രണ്ടുദിവസം പാൽ ഒരു ദിവസം മുട്ട എന്നിവ നൽകി വരുന്നു.

## മികവിന്റെ കേന്ദ്രം

ദൈവഭയം ജ്ഞാനത്തിന്റെ ഉറവിടം എന്ന ആപ്തവാക്യത്തിൽ ഊന്നിക്കൊണ്ട് കുട്ടികളുടെ സർവോത്മകമായ വളർച്ചയ്ക്കായി ഈശ്വരവിശ്വാസത്തിൽ അധിഷ്ഠിതമായ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സന്മാർഗ പഠനത്തിലൂടെ സ്വഭാവ രൂപീകരണം, തിരുബാലസഖ്യം, ബാലജനസഖ്യം എന്നീ സംഘടന പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ആത്മീയവും മാനസികവും സാഹിത്യപരവുമായ കഴിവുകൾ വികസിപ്പിക്കാൻ സാധിക്കുന്നു.

കുട്ടികളുടെ ഭൗതിക വളർച്ചയ്ക്കായി എൽ എസ് എസ് പരീക്ഷ, വിജ്ഞാനോത്സവം, വിദ്യാരംഗം കലാസാഹിത്യവേദി, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തുന്നു. വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിദ്യാലയത്തിൽ നടത്തിവരുന്ന പ്രതിമാസ ക്വിസ് മത്സരങ്ങൾ ഇവയിൽ കുട്ടികൾ പങ്കെടുത്തു ഉന്നത വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു.

കുട്ടികളുടെ നിർമ്മാണപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ പഠനോപകരണ നിർമ്മാണം കൈത്തല്ലുകളുമായി ബന്ധപ്പെട്ട പരിശീലനങ്ങളിലൂടെ കുട്ടികളുടെ കരവിരുത് വികസിപ്പിക്കുകയും അതിലൂടെ സ്കൂൾതലത്തിലും സബ്ജില്ലാതലത്തിലും നടത്തിവരുന്ന ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തി പരിചയമേളകളിൽ സജീവമായി പങ്കെടുക്കുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്യുന്നു. കലാപരവും

സർഗാത്മകവുമായ വികസനത്തിനായി വെള്ളിയാഴ്ച തോറും നടത്തിവരുന്ന സാഹിത്യ സമാജങ്ങളും നടത്തുന്നതിലൂടെ വിദ്യാരംഗം, വിജ്ഞാനോത്സവം, ആലുവ സബ് ജില്ലാ ബാല കലോത്സവം എന്നീ മത്സരങ്ങളിൽ പങ്കെടുക്കുകയും ഉന്നത വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു.

**പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ**

1. എസ്.ആർ.ജി യോഗത്തിൽ വിദ്യാലയ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
2. വികസന ആവശ്യങ്ങൾ അക്കാദമികം, ഭൗതികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കി.
3. കരട് രൂപരേഖ എസ്.ആർ.ജി, പി.ടി.എ, എം പി.ടി.എ എന്നീ സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി അവതരിപ്പിച്ചു.
4. പി.ടി.എയുടെ നേതൃത്വത്തിൽ പദ്ധതിയിലേക്ക് തയ്യാറാക്കി

**നിലവിലെ അവസ്ഥ വിശകലനം**

**ഭൗതിക നേട്ടങ്ങൾ**

സ്കൂളിന് വിശാലമായ ഹാളും ലൈബ്രറി മുറിയും സ്റ്റാഫ് റൂമും ഡാൻസ് റൂമും വൃത്തിയുള്ള ശുചിമുറികളും ഉണ്ട്. 12 ക്ലാസ് മുറികളും വരാന്തയും സ്കൂൾ മുറ്റവും ഉണ്ട്. വാട്ടർ പ്യൂരിഫയർ, വാഷ്ബേസിൻ, ഫാൻസ്, പ്രോജക്റ്റർ എന്നിവ കുട്ടികളുടെ സൗകര്യാർത്ഥം ഘടിപ്പിച്ചിട്ടുണ്ട്. പുതിയതായി നാലാം ക്ലാസ്സിൽ രണ്ട് പ്രോജക്ടറുകൾ ഈ വർഷം സ്കൂൾ അഭ്യുദയകാംക്ഷികളുടെ സഹായത്തോടെ ലഭ്യമാക്കി. നാലാം ക്ലാസിലെ A,B ഡിവിഷനുകളിൽ നവീന രീതിയിലുള്ള ബെഞ്ചും ഡസ്കും ലഭ്യമാക്കി.

**ഭൗതികം - പരിമിതികൾ**

1.കളിസ്ഥലമില്ല.

2. ജൈവമാലിന്യ സംസ്കരണത്തിന് ആവശ്യമായ ബയോ പോർട്ട് പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

**അക്കാദമികം - നേട്ടങ്ങൾ**

മിക്കവാറും വർഷങ്ങളിൽ എൽ.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ച വിജയം നേടുവാൻ കഴിയുന്നു. കഴിഞ്ഞ അധ്യയന വർഷം 8 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി. സബ്ജില്ലാ മത്സരങ്ങൾ, ശാസ്ത്രമേളകൾ, കലോത്സവം വിവിധ സ്കോളർഷിപ്പ് മത്സരങ്ങൾ, ഡ്രോയിങ്, പെയിൻറിങ് കോമ്പറ്റീഷനുകളിൽ ഉന്നത വിജയം.

Genius top English Elocution Competition 2025 state level നടത്തിയതിൽ രണ്ടാം സ്ഥാനവും മറ്റു അവാർഡുകളും കരസ്ഥമാക്കി . മലയാള ഭാഷയ്ക്ക് പ്രാധാന്യം നൽകി നടത്തിവരുന്ന കുഞ്ഞുണ്ണിമാഷ് പുരസ്കാരത്തിന് നിരവധി കുട്ടികൾ അർഹരായി. സബ്ജില്ലാതല ഗണിത ശാസ്ത്ര പ്രവർത്തി പരിചയമേളയിൽ ഉന്നത വിജയം.

**അക്കാദമിക പരിമിതികൾ**

കലാകായിക പരിശീലനത്തിന് അധ്യാപകർക്ക് സമയ സ്ഥലപരിമിതിയുണ്ട്. സ്കൂൾ ലൈബ്രറിയിലേക്ക് ഇനിയും ധാരാളം പുസ്തകങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. വിവിധ മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.

**പ്രവർത്തനങ്ങൾ**

1. **മലയാളത്തിളക്കം (പ്രീ ടെസ്റ്റ്)**

പ്രീ ടെസ്റ്റ് നടത്തുന്ന പിന്നോക്കക്കാരെ പിന്തുണ നൽകുന്നു.

**2. അക്ഷരമുറപ്പിക്കൽ**

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

**3. അടയാളങ്ങൾ ഉറപ്പിക്കൽ**

ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

**4. അക്ഷരങ്ങളുടെ വാക്കുകൾ എഴുതിയ കാർഡ്**

അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

**5. ചിത്രം - അടിക്കുറപ്പ്**

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ.

**6. കഥ - ബാക്കി പറയൽ - എഴുതൽ**

ഒരു കഥയുടെ കുറച്ചുഭാഗം നൽകുന്നു, ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു.

**7. കഥാപുസ്തകം നൽകൽ**

വായന കുറിപ്പ് തയ്യാറാക്കൽ

**8. ഐസിടി പ്രദർശനം**

ചിത്രങ്ങൾ വീഡിയോകൾ പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും വീഡിയോയും കുറിച്ച് പറയാൻ അവസരം എഴുതുവാൻ അവസരം

**9. ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് ഐ. ഇ. ഡി അധ്യാപകരുടെ സേവനം.

**10. ക്ലാസ് വായന - കൂട്ടം രൂപീകരിക്കൽ**

ക്ലാസിലെ മുഴുവൻ കുട്ടികളെയും അഞ്ചുപേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തിരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച, വായനക്കുറിപ്പ്, അസംബ്ലി, ആകാശവാണി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാൻ അവസരം.

**11. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ യു.പി വായനയ്ക്ക് സഹായകമായി അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

**12. സ്കൂൾ ലൈബ്രറി**

സ്കൂൾ ലൈബ്രറി, പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടുകൾ ആയുള്ള ക്രമീകരണം, ബർത്ത് ഡേ പുസ്തക ശേഖരണം.

**13. വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ യോഗം സംഘടിപ്പിക്കാൻ യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ. വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം

പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്കാരം, (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച നാടകങ്ങൾ എന്നിവയുടെ അവതരണം.

**14. പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ, വായന

എടുത്ത് പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്).

**15. അമ്മ വായന**

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാൻ അവസരം. വായനാമുറി, വായനക്കുറിപ്പ് തയ്യാറാക്കൽ, മികച്ച കുറുപ്പ് കണ്ടെത്തൽ, പ്രോത്സാഹനം, അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശില്പശാല.

**16. പുസ്തക ചർച്ച - വായനാനുഭവം പങ്കുവെക്കൽ**

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ. സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കാൻ മാസത്തിലൊരു ദിവസം.

**17. വായനക്കുറിപ്പ്**

ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

**18. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം**

വായന എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം, പാഠഭാഗവുമായി ബന്ധപ്പെട്ട സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താൻ അവസരം, വിവിധ മത്സരങ്ങൾ സംഘടിപ്പിക്കാൻ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

**19. ക്ലാസ് , സ്കൂൾ , ബാലസഭകൾ**

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ,

സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ

രൂപീകരിക്കൽ, പൊതുജന പങ്കാളിത്തം സാഹിത്യകാരന്മാരുടെ സാന്നിധ്യം.

**20. ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

**21. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധതരം പ്രവർത്തനം, മത്സരങ്ങൾ.

**22. ഇ- വായന സാധ്യത കണ്ടെത്തൽ**

വിക്കിപീഡിയ പരിചയപ്പെടുത്താൻ നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണ്യം, വായനക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും തൃത്വത്തിൽ ബ്ലോഗ് രൂപീകരണം “ഇ” പേപ്പറുകൾ പരിചയപ്പെടുത്തൽ, വിവിധ കൃതികൾ, കവിത എന്നിവ വീഡിയോ കാണൽ.

**23. വായനക്കൂട്ടം എഴുത്തുകൂട്ടം മോണിറ്ററിംഗ്**

അധ്യാപകർ, കുട്ടിപ്രതിനിധി, രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ ബി.ആർ.സി, ഡയറ്റ് അധ്യാപകർ, മറ്റു സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം.

**24. കാവ്യക്കൂട്ടം**

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച കാവ്യക്കൂട്ടം സംഘടിപ്പിക്കുന്നു. ബി.ആർ സി യുടെ സഹായത്തോടെ.

**25. എഴുത്തു കൂട്ടരൂപീകരണം**

കുട്ടികളെ അഞ്ചുവീതം എഴുത്തു കൂട്ടങ്ങൾ ആക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിങ് എന്നിവ ചർച്ച ചെയ്യുന്നു.

**26. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ**

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യസൃഷ്ടി നടത്തൽ, വിവിധ മേഖലകളിൽ ഉള്ള വ്യക്തികളുടെ ആഗമനം, സംവാദം, അഭിമുഖം.

**27. ഇൻലൻ്റ് മാഗസിൻ ചുമർപത്രിക പതിപ്പ്**

സർഗ്ഗശേഷി പരിപോഷിപ്പിക്കാൻ ക്ലാസ് തലത്തിൽ ഇല്ലെൻറ് മാഗസിൻ ചുമർ പത്രിക പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

**28. വായനക്കുറിപ്പ് പുസ്തക പരിചയക്കുറപ്പ് തയ്യാറാക്കൽ**

പഠന പ്രവർത്തനങ്ങളുമായി വായിച്ച പുസ്തകങ്ങളുമായും ബന്ധപ്പെട്ട വായനക്കുറിപ്പും പുസ്തകപരിചയക്കുറിപ്പും തയ്യാറാക്കൽ, പതിപ്പ്, പ്രകാശനം.

**29. പൊതുവേദിയിലെ പ്രകടനങ്ങൾ**

കുട്ടികളിലെ ഭയം സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്, സർഗ്ഗ വേള ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം, യോഗങ്ങൾ സംഘടിപ്പിക്കണം.

**30. റീഡേഴ്സ് തിയേറ്റർ**

നാടകീയ വായന - രംഗ സജ്ജീകരണമോ ചമയങ്ങളോ ഇല്ലാത്ത വായന (ജൂൺ രണ്ടാം വാരം മുതൽ)

**31. സർഗാത്മക ഡയറി**

ഓരോ ദിവസത്തെയും പ്രധാന സംഭവങ്ങൾ

**32. കാവ്യോത്സവം**

താള വൈവിധ്യമുള്ള പാട്ടുകൾ, വാദ്യോപകരണങ്ങൾ ഉൾപ്പെടുത്തിയ അവതരണം.

**33. കണക്കുപെട്ടി**

വായ്ത്താരി - അസംബ്ലിയിൽ അവതരണം ഓഡിയോ നവമാധ്യമങ്ങളിൽ അവതരണം.

**34. പുറം ചുമർപത്രിക**

**35. സംയുക്ത ഡയറി**

സചിത്ര പുസ്തകം

**36. വായന ചങ്ങാത്തം**

ബാലസഭ

**37. മധുരം മലയാളം**

ഉല്ലാസ ഗണിതം

**38. ടിറ്റുലർ പേജ് & ഡോർ വെ**

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകാൻ പുതിയ രണ്ട് പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി.

**39. സുംബ ഡാൻസ്**

കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കാനും ഉന്മേഷം പകരാനും.

**40. മാസ്റ്റർ പ്ലാൻ**

ഓരോ കുട്ടിക്കും വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. ഓരോ കുട്ടിയുടെയും കെ.വൈ.സി തയ്യാറാക്കുന്നു.